പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2845 **28-10-2026-ൽ മറുപടിയ്ക്ക്**

ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടഷിലാക്കാൻ ഉദ്ദേശിച്ച ആരിക്കാടി റിവർ ടെയിനിംഗ് പ്രവൃത്തി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ച ആരിക്കാടി റിവർ ടെയിനിംഗ് പ്രവൃത്തിക്ക് സി.ആർ.ഇസഡ് അനുമതി ലഭിക്കാത്തതിനാൽ മുൻപ് പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി/ടെൻഡർ റദ്ദാക്കേണ്ടി വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ഈ പ്രവൃത്തിക്കായി സി.ആർ.ഇസഡ് അനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

മറുപടി: റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിലെ ഷിറിയ (ആരിക്കാടി) റിവർ ടെയിനിങ് പ്രവൃത്തിക്കായി 26/02/2021-ൽ, 2430 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കാലതാമസം ഒഴിവാക്കുന്നതിനായി CRZ Clearance അംഗീകാരം ഉടനടി ലഭ്യമാകുമെന്ന അനുമാനത്തിൽ പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

മേൽ പ്രവൃത്തിയുടെ CRZ Clearance ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 09/02/2022-ന് KCZMA-യ്ക്ക് സമർപ്പിച്ചു. 26/02/2022-ന് നടന്ന CRZ Clearance Committee-യിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ മാതൃകാപഠന റിപ്പോർട്ട് ഏതെങ്കിലും അംഗീകൃത ഏജൻസിയെക്കൊണ്ട് വെറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.ടി മദ്രാസിനെ ഇതിനായി ചുമതലപ്പെടുത്തുകയും 2023 ഫെബ്രുവരി മാസത്തിൽ ഐ.ഐ.ടി മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ടി റിപ്പോർട്ട് CRZ Clearance ലഭിക്കുന്നതിനായി 16/03/2023- തിയ്യതിയിൽ KCZMA-ക്ക് സമർപ്പിച്ചു. 30/06/202-ന് കൂടിയ KCZMA-യുടെ 129-ാമത് മീറ്റിങ്ങിൽ വീണ്ടും ഒരു മോഡൽ സ്റ്റഡി നടത്താൻ നിർദേശിച്ചിരുന്നു. എന്നാൽ പിന്നീട് 15/09/2023-ന് കൂടിയ KCZMA-യുടെ 131-ാമത് മീറ്റിങ്ങിൽ കേരള സർക്കാർ Comprehensive Shoreline Management Plan തയ്യാറാക്കുന്നുണ്ടെന്നും, ഷിറിയ റിവർ ടെയിനിങ് പദ്ധതിയുടെ CRZ Clearance, Comprehensive Shoreline Management Plan-ന് അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് KCZMA അറിയിക്കുകയും ചെയ്തു. ഷോർ ലൈൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേനയാണ് സ്വീകരിച്ചു വരുന്നത്. ആയതിന് അന്തിമ തീരുമാനം ആയാൽ മാത്രമേ CRZ Clearance ലഭ്യമാകുകയുള്ളൂ.

CRZ Clearance ലഭിക്കുന്നതിനുള്ള കാലതാമസം കാരണം 23/12/2023-ന് കൂടിയ RKI-Implementation Committee യുടെ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16/03/2024 തീയതിയിലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

CRZ അംഗീകാരം ലഭിക്കുന്ന ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത ആരിക്കാടി റിവർ ട്രെയിനിംഗ് പ്രവൃത്തി ഉടൻ ടെൻഡർ ചെയ്ത് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിലെ ഷിറിയ (ആരിക്കാടി) റിവർ ട്രെയിനിങ് പ്രവൃത്തിക്കായി 26/02/2021-ൽ, 2430 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കാലതാമസം ഒഴിവാക്കുന്നതിനായി CRZ Clearance അംഗീകാരം ഉടനടി ലഭ്യമാകുമെന്ന അനുമാനത്തിൽ പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

മേൽ പ്രവൃത്തിയുടെ CRZ Clearance ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 09/02/2022-ന് KCZMA-യ്ക്ക് സമർപ്പിച്ചു. 26/02/2022-ന് നടന്ന CRZ Clearance Committee-യിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ മാതൃകാപഠന റിപ്പോർട്ട് ഏതെങ്കിലും അംഗീകൃത ഏജൻസിയെക്കൊണ്ട് വെറ്റ് ചെയ്ത് സമർപ്പിക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.ടി മദ്രാസിനെ ഇതിനായി ചുമതലപ്പെടുത്തുകയും 2023 ഫെബ്രുവരി മാസത്തിൽ ഐ.ഐ.ടി മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ടി റിപ്പോർട്ട് CRZ Clearance ലഭിക്കുന്നതിനായി 16/03/2023- തിയ്യതിയിൽ KCZMA-ക്ക് സമർപ്പിച്ചു. 30/06/202-ന് കൂടിയ KCZMA-യുടെ 129-ാമത് മീറ്റിങ്ങിൽ വീണ്ടും ഒരു മോഡൽ സ്റ്റഡി നടത്താൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പിന്നീട് 15/09/2023-ന് കൂടിയ KCZMA-യുടെ 131-ാമത് മീറ്റിങ്ങിൽ കേരള സർക്കാർ Comprehensive Shoreline Management Plan തയ്യാറാക്കുന്നുണ്ടെന്നും, ഷിറിയ റിവർ ട്രെയിനിങ് പദ്ധതിയുടെ CRZ Clearance, Comprehensive Shoreline Management Plan-ന് അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് KCZMA അറിയിക്കുകയും ചെയ്തു. ഷോർ ലൈൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി ഇറിഗേഷൻ വകുപ്പ് മുഖേനയാണ് സ്വീകരിച്ചു വരുന്നത്. ആയതിന് അന്തിമ തീരുമാനം ആയാൽ മാത്രമേ CRZ Clearance ലഭ്യമാകുകയുള്ളൂ.

CRZ Clearance ലഭിക്കുന്നതിനുള്ള കാലതാമസം കാരണം 23/12/2023-ന് കൂടിയ RKI-Implementation Committee യുടെ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16/03/2024 തീയതിയിലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

CRZ അംഗീകാരം ലഭിക്കുന്ന ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ